"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടം കൺസ്യൂമർ ഫെഡിന്റെ അഗളി ത്രിവേണി സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനത്തിന് 13.06.2020 മുതൽ അഞ്ച് വർഷത്തേയ്ക്ക് കൂടി വാടക കൂടാതെ അനുവദിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.591/2022/LSGD തീയതി,തിരുവനന്തപുരം, 11-03-2022

---

പരാമർശം:-
1. സ.ഉ.(സാധാ)നം.1953/17/ത.സ്വ.ഭ.വ തീയതി 13.06.2017
2. കൺസ്യൂമർഫെഡ് ചെയർമാന്റെ 23.02.2022-ലെ CFED/AGD-1/803/2021-22 നമ്പർ കത്ത്

**ഉത്തരവ്**

അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടത്തിൽ 24-08-2009 മുതൽ കേരള സംസ്ഥാന കൺസ്യൂമർഫെഡ് സ്ഥാപനമായ അഗളി ത്രിവേണി സൂപ്പർ മാർക്കറ്റ് പ്രവർത്തിച്ചുവരുന്നു. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ സ്ഥാപനങ്ങൾ നടത്തുന്നതിന് ആദ്യ രണ്ടുവർഷത്തേയ്ക്ക് സൗജന്യമായി കൺസ്യൂമർ ഫെഡിന് സ്ഥലം അനുവദിക്കാനുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 23-08-11 വരെ വാടക ഈടാക്കിയിരുന്നില്ല. കൺസ്യൂമർഫെഡ് മാനേജിംഗ് ഡയറക്ടറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അട്ടപ്പാടിപോലുള്ള ആദിവാസി മേഖലയിൽ ജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് എന്നത് കണക്കിലെടുത്ത് 24-08-2011 മുതലുള്ള വാടക കുടിശ്ശിക ഒഴിവാക്കി നൽകിയും അടുത്ത മൂന്ന് വർഷത്തേയ്ക്ക് കൂടി വാടക കൂടാതെ പ്രവർത്തിക്കാൻ അനുവാദം നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകിയും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2. മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള കാലാവധി 12.06.2020-ന് അവസാനിച്ചതിനാൽ 13.06.2020 മുതലുള്ള വാടക ഈടാക്കുന്നതിന് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നോട്ടീസ് നൽകിയ സാഹചര്യത്തിൽ 13.06.2020 മുതലുള്ള വാടക കുടിശ്ശിക ഒഴിവാക്കി നൽകണമെന്നും അടുത്ത വർഷങ്ങളിലും കെട്ടിടം വാടക രഹിതമായി തന്നെ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (2) കത്ത് പ്രകാരം കൺസ്യൂമർഫെഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പൊതുവിപണിയിൽ വളരെ ശക്തമായി ഇടപെട്ടു കൊണ്ട് സാധാരണ ജനങ്ങൾക്ക് അവശ്യ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക്

വിതരണം ചെയ്യുന്നതും, പൊതുജന സേവനം ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്നതുമായ സ്ഥാപനമെന്ന നിലയ്ക്ക് അഗളി ത്രിവേണി സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനത്തിന് ടി കെട്ടിടം 13.06.2020 മുതൽ അഞ്ച് വർഷത്തേയ്ക്ക് കൂടി വാടക ഇല്ലാതെ കൺസ്യൂമർഫെഡിന് അനുവദിക്കുന്നതിന് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്

ചെയർമാൻ, കൺസ്യൂമർഫെഡ്, ഗാന്ധി നഗർ എറണാകുളം

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Nisam N**

**Date: 11-03-2022 12:05:50**

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്